**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5761** **08-11-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭകർക്ക് ഭൂമി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ സംരംഭകർക്ക് വിവിധ ഏജൻസികൾ വഴി ഭൂമി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം; | (എ) | 8.1.2020ലെ സർക്കാർ ഉത്തരവു GO(Ms)8/2020IDയിലെ മാനദണ്ഡങ്ങൾക്കുവിധേയമായാണ്ഹയർപർച്ചേസ് വ്യവസ്ഥയിൽ നിലവിൽ വ്യവസായ വകുപ്പിന്റെ ഭൂമി അനുവദിക്കുന്നത് , കിൻഫ്ര ഭൂമി അനുവദിക്കുന്നത് താഴെ പറയുന്ന നിബന്ധനകൾക്ക് വിധെയമായാണ് `30 വർഷത്തെ പാട്ട വ്യവസ്ഥയിൽ ഭൂമി അനുവദിക്കുന്നു .ഇത് കാലാവധി തീരുന്ന മുറയ്ക്ക് 5000രൂപയും GSTയുമടച്ച് പരമാവധി 90 വർഷം വരെ പുതുക്കാവുന്നതാണ് . ഭൂമി വ്യവസായ ആവശ്യത്തിനെ ഉപയോഗിക്കാൻ പാടുള്ളൂ . ഉപ പാട്ടം അനുവദനീയമല്ല നിശ്ചിത സമയത്തിനകം ഭൂമി ഉപയോഗിക്കാത്ത പക്ഷം അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നതിനും ഭൂമി തിരിച്ചെടുക്കുന്നതിനും വ്യവസ്ഥയുണ്ട് . അലോട്ട് ചെയ്യപ്പെട്ട ഭൂമി ഭാഗികമായി വിനിയോഗിക്കുകയുംബാക്കിഭൂമിവിനിയോഗിക്കാതിരിക്കുകയും ചെയ്താൽ വിനിയോഗിക്കാത്ത ഭൂമി തിരിച്ചെടുക്കാൻ വ്യവസ്ഥയുണ്ട് . KSIDC ഭൂമി അനുവദിക്കുന്ന നിബന്ധനകൾ താഴെ പറയുന്നു . 30 വർഷത്തെ പാട്ട വ്യവസ്ഥയിൽ ഭൂമി അനുവദിക്കുന്നു .ഭൂമി ആവശ്യപ്പെട്ടുള്ള അപേക്ഷ കിട്ടിയ ശേഷം 10 ഏക്കർ വരെയുള്ള അപേക്ഷ കൾ DILAC തീരുമാന പ്രകാരവും 10ഏക്കറും അതിൽ കൂടുതലും ആണെങ്കിൽ SILAC തീരുമാന പ്രകാരവും ഭൂമി അനുവദിക്കുന്നു . അലോട്ട്മെന്റിനു ശേഷം ആദ്യ രണ്ടു വർഷം ലൈസൻസ് പീരിയഡ് ആയി കണക്കാക്കുന്നു .പ്രസ്തുത കാലയളവിനുള്ളിൽ യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങേണ്ടതാണ് യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങിയ ശേഷം മുഴുവൻ ലീസ് പ്രീമിയം അടച്ച് യൂണിറ്റുമായി 30 വർഷത്തിന്റെ ബാക്കി കാലയളവിലേക്ക് ലീസ് എഗ്രിമെന്റിൽ ഏർപ്പെടുകയാണ് ചെയ്യുന്നത് .കോവിഡ് സമാശ്വാസ പദ്ധതി പ്രകാരം പാട്ടത്തുകയുടെ 20% അടച്ചു കഴിഞ്ഞു വരുന്ന ബാക്കി 80%തുകയ്ക്ക് പലിശയീടാക്കാതെ 5 വർഷം കാലാവധി അനുവദിക്കുന്നു. സിഡ്കോയുടെ കീഴിലുള്ള മിനി വ്യവസായ എസ്റ്റേറ്റുകൾ /വ്യവസായ |

| | | | |
|---|---|---|---|
| | | | എസ്റ്റേറ്റുകൾ /പാർക്കുകൾ എന്നിവിടങ്ങളിൽ 30 വർഷം ലീസ് വ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത് .മിനി വ്യവസായ എസ്റ്റേറ്റുകൾ /വ്യവസായ എസ്റ്റേറ്റുകൾ എന്നിവിടങ്ങളിൽ ഒഴിവുള്ള ഷെഡ്ഡുകൾ ചതുരശ്ര അടിക്ക് പ്രതിമാസം 5 രൂപ നിരക്കിൽ വാടക വ്യവസ്ഥയിൽ അനുവദിക്കുന്നു .ഷെഡ് അനുവദിച്ച 3 മാസത്തിനകം വ്യവസായം ആരംഭിക്കണം .അനുവദിച്ച നൽകിയ ഭൂമിയിൽ 3 മാസത്തിനുള്ളിൽ കെട്ടിട നിർമ്മാണം ആരംഭിക്കണം .ആറു മാസത്തിനുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കണം. തുടർച്ചയായി 3 മാസം വാടക അടയ്ക്കാതെ വന്നാൽ നോട്ടീസ് നൽകാതെ തന്നെ ഷെഡ്/ ഭൂമി തിരിച്ചെടുക്കുകയും വാടക ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയും ചെയ്യുന്നു .പ്രവർത്തിക്കാത്ത യൂണിറ്റുകൾ തിരിച്ചെടുത്ത് പുതിയ വ്യവസായികൾക്ക് അനുവദിച്ച നൽകുന്നു. |
| (ബി) | ഈ വ്യവസ്ഥകൾ ഏകീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഒരു ഏകികൃത ലാന്റ് അലോട്ട്മെന്റ് കരട് നയം സർക്കാർ പരിഗണനയിലാണ്. |
| (സി) | എങ്കിൽ ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ഒരു ഏകികൃത ലാന്റ് അലോട്ട്മെന്റ് കരട് നയം സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ